LIBRARY ARCHIVES Kerala Legislative Assembly

ജനനീ ജനരക്ഷ പദ്ധതി

218(2421) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനനീ-ജനരക്ഷ പദ്ധതിയിലൂടെ നാളിതുവരെ എത്ര ആദിവാസി അമ്മമാർക്ക സഹായം നൽകി എന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയിലൂടെ ആദിവാസി അമ്മമാർക്ക് മണി ഓർഡർ ആയി അയച്ച ധനസഹായം കൈപ്പറ്റാതെ മടങ്ങിവന്നതു സംബന്ധിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ഇങ്ങനെ മടങ്ങിവന്ന തുകകൾ ബന്ധപ്പെട്ട ചില ഉദ്യോഗസ്ഥർ കൈപ്പറ്റിയതു സംബന്ധിച്ച പരാതികൾ സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(ഡി) പ്രസ്തുത പദ്ധതി സംബന്ധിച്ച് ആഡിറ്റ് നടത്തുന്നത് സർക്കാരിന്റെ ഏത് ഏജൻസിയാണ്;

(ഇ) പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ ആരംഭിച്ചതിനുശേഷം നാളിതുവരെയുള്ള ആഡിറ്റ് റിപ്പോർട്ട് ലഭ്യമാക്കുമോ?

ഉത്തരം

(എ) 11850 പേർക്ക്.

(ബി&സി) ചില സാങ്കേതിക തടസ്സങ്ങൾ ശ്രദ്ധയിൽപ്പെട്ടത് പരിശോധിച്ച് പരിഹരിക്കാൻ നടപടികൾ സ്വീകരിച്ചു കഴിഞ്ഞു.

(ഡി) പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കണക്ക് പരിശോധന അക്കൗണ്ടന്റ് ജനറൽ മുഖേനയാണ് നടത്തി വരുന്നത്.

(ഇ) ടി പദ്ധതി സംബന്ധിച്ച് ഇതുവരെയും ആഡിറ്റ് നടത്തിയിട്ടില്ല.

ജനനീ ജന്മരക്ഷ പദ്ധതി

219 (*T2422) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനനീ-ജന്മരക്ഷ പദ്ധതിയിൽ ക്രമക്കേടുകൾ നടന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നല്കുമോ;

(ബി) പ്രസ്തുത പദ്ധതിക്കായി വകയിരുത്തിയിട്ടുള്ള തുക പൂർണ്ണമായും വിനിയോഗിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.